എന്നിവരെ 5-8-2005-ന് ദാരുണമാംവിധം കൊലചെയ്യപ്പെട്ട നിലയിൽ കണ്ടെത്തിയിരുന്നു. അവരുടെ മക്കളെല്ലാം വിദേശത്താണ്. ഇവർ ഒരു ഒറ്റപ്പെട്ട വീട്ടിലാണ്. നല്ല മഴയുള്ള ദിവസമാണ് കൊലചെയ്യപ്പെട്ടതെന്ന് കരുതുന്നു. അവിടെ പോലീസുകാരും പോലീസ് നായയും വട്ടംചുറ്റി ഓടുന്നുണ്ടെങ്കിലും ഇത്രയും ദിവസമായിട്ടും ഒറ്റയാളേയും പിടിച്ചിട്ടില്ല. അതുകൊണ്ട് കേസ് ശക്തിപ്പെടുത്തുകയും കുറ്റവാളികളെ അറസ്റ്റുചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. അതിനായി ഈ കേസ് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, ഇവിടെ ബഹുമാന്യനായ വി. സി. കബീർ പറഞ്ഞ കാര്യം ഗവൺമെന്റ് പ്രത്യേകമായി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ആ നാടിനെയാകെ ഞെട്ടിപ്പിച്ച സംഭവമാണ്. ശിവശങ്കരൻ നായരും അദ്ദേഹത്തിന്റെ ഭാര്യ അമ്മാളുക്കുട്ടിയമ്മയും കൊല്ലപ്പെട്ടു. അതുസംബന്ധിച്ച് ഉയർന്ന ഉദ്യോഗസ്ഥന്മാരായ എസ്.പി.യും ഡി.ഐ.ജി.യും അവിടെ പോയി നേരിട്ട് ഈ അന്വേഷണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുണ്ട്. സയന്റിഫിക് വിദഗ്ദ്ധന്മാർ, വിരലടയാള വിദഗ്ദ്ധന്മാർ എന്നിവരൊക്കെ എത്തി തെളിവുകൾ ശേഖരിച്ചിട്ടുള്ളതും പോലീസ് നായയുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുള്ളതുമാണ്. അന്വേഷണം വളരെ ശക്തമായി നടക്കുന്നുണ്ടെങ്കിലും ഇതുവരെ വ്യക്തമായ സൂചനകളൊന്നും കിട്ടിയിട്ടില്ല. വളരെ വ്യക്തമായ അന്വേഷണം നടത്തി കുറ്റവാളികളെ എങ്ങനേയും കണ്ടുപിടിക്കുന്നതിനുള്ള നടപടികളുമായി മുമ്പോട്ടു നീങ്ങുകയാണെന്ന് അങ്ങേക്ക് ഉറപ്പുനൽകുന്നു.

(19) പ്രൈമറി/എയ്ഡഡ് സ്കൂൾ അധ്യാപകരുടെ സമരം

ശ്രീ. ടി. എൻ. പ്രതാപൻ: സർ, സംസ്ഥാനത്തെ പ്രൈമറി/എയ്ഡഡ് സ്കൂൾ അധ്യാപകർ ഇന്ന് കേരള വ്യാപകമായി സമരം നടത്തുകയാണ്. നമ്മുടെ സെക്രട്ടേറിയറ്റിനുമുമ്പിൽ കെ.എ.പി.ടി. യൂണിയന്റെ സംസ്ഥാന ഭാരവാഹികൾ നിരാഹാര സമരവും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സായാഹ്ന ധർണ്ണയും നടത്തുകയാണ്. ഇവരുടെ പ്രധാനമായ ആവശ്യം ഒന്ന്, ഈ കഴിഞ്ഞ വർഷം വരെ അധ്യാപകരുടെ തൊഴിൽ നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി അധ്യാപക വിദ്യാർത്ഥി അനുപാതം 1:40 എന്ന ക്രമത്തിലാണ് നടപ്പിലാക്കിക്കൊണ്ടിരുന്നത്. ഇപ്പോൾ ഈ അധ്യയന വർഷം മുതൽ അത് നടപ്പിലാക്കേണ്ടതില്ലെന്ന് ഉത്തരവിറങ്ങിയിരിക്കുകയാണ്. ഇതുമൂലം സംസ്ഥാനത്തെ നിരവധി അധ്യാപകരുടെ തൊഴിൽ നഷ്ടപ്പെടുകയാണ്. ഇത് കണക്കിലെടുത്തുകൊണ്ട് അധ്യാപക വിദ്യാർത്ഥി അനുപാതം ഈ വർഷംകൂടി 1:40 എന്ന രീതിയിലാക്കണമെന്നുള്ളതാണ് കെ.എ.പി.ടി. യൂണിയന്റെ ഇന്നത്തെ സംസ്ഥാന വ്യാപകമായിട്ടുള്ള സമരത്തിന്റെ പ്രധാനപ്പെട്ട ആവശ്യം. അതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

1979-നുശേഷം തുറന്ന വിദ്യാലയങ്ങളിലെ നിയമനങ്ങൾക്ക് പുതിയ വിദ്യാലയമെന്ന പേരിൽ വർഷങ്ങളായി അംഗീകാരം നൽകാതെ നിലനിൽക്കുന്നു. ഇവയ്ക്ക് അംഗീകാരം നൽകുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം. 2004-2005, 2005-2006 വർഷങ്ങളിലെ തസ്തികകൾക്ക് അംഗീകാരം ഇതുവരെ നൽകിയിട്ടില്ല. അത് നൽകാനുള്ള നടപടി സ്വീകരിക്കണം. 1997-നുശേഷം സർവ്വീസിൽ പ്രവേശിച്ച അധ്യാപകരുടെ ജോലിസ്ഥിരത ഉറപ്പുവരുത്തണം. ഇത്തരം പ്രധാനപ്പെട്ട കാര്യങ്ങൾ ഉന്നയിച്ചാണ് ഇന്ന് കെ.എ.പി.ടി. യൂണിയൻ സംസ്ഥാന വ്യാപകമായി നടത്തുന്ന പ്രക്ഷോഭ പരിപാടി. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് അധ്യാപകരുടെ തൊഴിൽ നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി ഈ അധ്യയന വർഷംകൂടി അധ്യാപക-വിദ്യാർത്ഥി അനുപാതം 1:40 എന്ന ക്രമത്തിൽ ആക്കണമെന്നുള്ളത്. ഈ കാര്യത്തിൽ അനുകൂലമായ നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*): സർ, ബഹുമാനപ്പെട്ട ശ്രീ. ടി. എൻ. പ്രതാപൻ ഇവിടെ ഉന്നയിച്ച കാര്യം കഴിഞ്ഞ കുറേക്കാലമായി അധ്യാപകർ ഉന്നയിച്ചുവരുന്ന കാര്യമാണ്. കഴിഞ്ഞ വർഷം വരെ 2001-2002-ൽ സർവ്വീസിലുണ്ടായിരുന്ന ആളുകൾ thrown out ആകുന്നത് ഒഴിവാക്കാൻ വേണ്ടി 1:40 എന്ന തത്വം അംഗീകരിച്ചിരുന്നു. ഈ കൊല്ലം അത് അംഗീകരിക്കില്ല എന്നായിരുന്നു പറഞ്ഞിരുന്നത്. ഈ സമരത്തോടനുബന്ധിച്ച് ശ്രീ. ടി. എൻ. പ്രതാപൻ നോട്ടീസ് തന്നതിനുശേഷവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായെല്ലാം തന്നെ ഞാൻ വിശദമായി സംസാരിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 2001-2002-ൽ സർവ്വീസിലുണ്ടായിരുന്ന ആളുകൾ thrown out ആകുന്നത് തടയുന്നതിനുവേണ്ടി കഴിഞ്ഞ പ്രാവശ്യം അനുവദിച്ചതുപോലെതന്നെ 1:40 എന്ന അനുപാതം ഈ കൊല്ലവും അനുവദിക്കുന്നതാണെന്ന് പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം 1979-നുശേഷം സ്കൂളുകൾ new schools എന്നുള്ള പേരിലാണ് ഇപ്പോഴും അറിയുന്നത്. അതുസംബന്ധിച്ച് ഒരു ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുണ്ട്. അക്കാര്യത്തിൽ വേഗംതന്നെ തീരുമാനമെടുക്കാനാവശ്യമായ കാര്യങ്ങളും ചെയ്യുന്നതാണ്. കെ.ഇ.ആർ. പ്രകാരമുള്ള കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള staff fixation നടത്തുന്നതു സംബന്ധിച്ച് ഓരോ കൊല്ലവും വ്യത്യസ്തമായ ഉത്തരവുകൾ ഇറക്കുകയായിരുന്നു. കൃാബിനറ്റിൽ ഇക്കാര്യം ചർച്ച ചെയ്ത് കെ.ഇ.ആർ. പ്രകാരമുള്ള വകുപ്പനുസരിച്ച് എത്ര സ്റ്റാഫാണ് ആവശ്യമായിട്ടുള്ളതെന്ന് നോക്കി, അഡീഷണലായിട്ടുള്ള സ്റ്റാഫിന്റെ എണ്ണം തീരുമാനിച്ചു കൊടുക്കുമെന്നും ഫിക്സേഷൻ ചെയ്ത പ്രകാരം നടത്തുമെന്നുമുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതുസംബന്ധിച്ച ഉത്തരവ് വൈകാതെ പുറപ്പെടുവിക്കുന്നതാണ്. അതുകൊണ്ട് സമരം ചെയ്യുന്ന ആളുകളോട് സന്തോഷകരമായി സമരം അവസാനിപ്പിക്കാൻ ശ്രീ. ടി. എൻ. പ്രതാപൻ അപേക്ഷിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly